അദ്ധ്യായം 2

പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്

2025-26 വാർഷിക പദ്ധതി അവലോകനം

സർക്കാർ നിർദ്ദേശം അനുസരിച്ച് സമയബന്ധിതമായി തന്നെ 2024-25 വാർഷിക പദ്ധതി രൂപീകരണം പൂർത്തിയാക്കിയിരുന്നു. എന്നാൽ ഫണ്ടിന്റെ ലഭ്യത, പദ്ധതി നടത്തിപ്പിലുണ്ടായ സാങ്കേതിക തടസ്സങ്ങൾ തുടങ്ങിയ കാരണങ്ങളാൽ ലഭ്യമായ അവസരങ്ങളിൽ പദ്ധതി ഭേദഗതി ചെയ്യേണ്ടിവന്നിട്ടുണ്ട്. പദ്ധതി ആരംഭത്തിൽ വകയിരുത്തിയ ഫണ്ട് താഴെ പറയും പ്രകാരമാണ്.

2025 -26 വിഭവസ്രോതസ്സുകളും വകയിരുത്തലുകളും

ക്രമ നം	ഇനം	2025-26 വാർഷിക ബജറ്റ് വിഹിതം
1	വികസന ഫണ്ട് (പൊതു വിഭാഗം)	**42069000**
2	കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് (അടിസ്ഥാന ഗ്രാന്റ്)	**5981000**
3	ധനകാര്യ കമ്മീഷൻ അവാർഡ് (പ്രത്യേക ഉദ്ദേശ ഗ്രാന്റ്) - കുടിവെള്ളം	**4485500**
4	ധനകാര്യ കമ്മീഷൻ അവാർഡ് (പ്രത്യേക ഉദ്ദേശ ഗ്രാന്റ്) - ശുചിത്വം, മാലിന്യ പരിപാലനം	**4485500**
5	ആകെ പൊതു വിഭാഗം	**57021000**
6	വികസന ഫണ്ട് (എസ് സി പി)	**6418000**
7	വികസന ഫണ്ട് (ടി എസ് പി)	**1552000**
8	**ആകെ വികസന ഫണ്ട്**	**64991000**
9	മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)	**13253000**
10	മേഖലാ വിഭജനത്തിൽ പെടാത്ത തുക (പാർപ്പിട മേഖലക്ക് നിർബന്ധമായും മാറ്റിവേക്കേ 20% കഴിച്ചുള്ള തുക)	**33655200**

11	പട്ടികജാതി വിഭാഗത്തിൽ പാർഷിട മേഖലക്ക് മാറ്റിവെക്കാവുന്ന തുക (20%)	1283600
12	ടി എസ് പി വിഭാഗത്തിൽ പാർഷിട മേഖലക്ക് മാറ്റിവെക്കാവുന്ന തുക (20%)	310400
13	മേഖലാ വിഭജനത്തിന് ലഭ്യമാകുന്ന തുക	
14	പൊതു വിഭാഗം	33655200
15	എസ് സി പി	5134400
16	ടി എസ് പി	1241600
17	ആകെ	40031200
18	മേഖലാ വിഭജനം - പൊതു വിഭാഗം	
19	ഉത്പാദന മേഖല (കുറഞ്ഞത് 30%)	10096560
20	പശ്ചാത്തല മേഖല (പരമാവധി 25%)	8413800
21	സേവന മേഖല (പ്രത്യേക നിബന്ധനയില്ല)	23558640
22	ആകെ	42069000
23	മേഖലാ വിഭജനം - എസ് സി പി	
24	ഉത്പാദന , സേവന മേഖല പ്രത്യേക നിബന്ധനയില്ല	
25	പശ്ചാത്തല മേഖല (പരമാവധി 30%)	1925400
26	മേഖലാ വിഭജനം - ടി എസ് പി	
27	ഉത്പാദന , സേവന മേഖല പ്രത്യേക നിബന്ധനയില്ല	
28	പശ്ചാത്തല മേഖല (പരമാവധി 30%)	465600
29	വനിതാ ഘടക പദ്ധതി	4162520
30	കുട്ടികൾ , ഭിന്നശേഷിയുള്ളവർ,ഭിന്ന ലിംഗക്കാർ എന്നിവർക്കുള്ള പദ്ധതി	2081260
31	വയോജനങ്ങൾ, പാലിയേറ്റീവ് കെയർ എന്നിവർക്കുള്ള പദ്ധതി	2081260

ഏറ്റവും ഒടുവിലത്തെ ഭേദഗതി കൂടി പൂർത്തിയാകുന്നതോടെ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2025-26 വാർഷിക പദ്ധതിയിൽ ആകെ 181 പ്രൊജക്ടുകൾ ആണ് ഉള്ളത്. അതിൽ 130 എണ്ണം പുതിയതും 51 എണ്ണം സ്പിൽ ഓവർ ആയതും ആണ്. ആകെ അടങ്കൽ 16,53,57,037/- രൂപയാണ്.

വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ 4,20,69,000 രൂപ വകയിരുത്തിയതിൽ 27623828/- രൂപ ചെലവ് വന്നിട്ടുണ്ട്. 65.66% ആണ്. ലഭ്യമായ അലോട്ട്മെൻറ് 2,80,46,000 ആണ്. അതിൻറെ 98.4% ചെലവ് വന്നിട്ടുണ്ട്. പട്ടികജാതി മേഖലയിൽ വകയിരുത്തിയ വികസന ഫണ്ട് 64,18,000 രൂപയും, ചെലവ് 15,63,144 രൂപയും (24.36 %) പട്ടിക വർഗ്ഗ മേഖലയിൽ 15,52,000 രൂപയിൽ ചെലവ് 10,06,811 രൂപയും (64.87 %) ആണ്. എസ്. സി. പി. ഫണ്ട് ലഭ്യമായത് 4278600 രൂപയും ടി.എസ്.പി ഫണ്ട് ലഭിച്ചത് 10,34,600 രൂപയും ആണ്. അതിൻ്റെ അടിസ്ഥാനത്തിൽ എസ്.സി. പി. 36.53 % വും ടി.എസ്.പി. 97.31% ചെലവ് വന്നിട്ടുണ്ട്. മെയിൻ്റനൻസ് ഗ്രാൻറ് നോൺ റോഡ് 1,32,53,000 രൂപ വകയിരുത്തിയതിൽ ചെലവ് 7124247 രൂപ (53.76 %) ആണ്. ലഭ്യമായ അലോട്മെൻറ് 88,35,340 രൂപ ആണ്. അതിൻറെ 80.63% ചെലവ് വന്നിട്ടുണ്ട്. കേന്ദ്ര ധനകാര്യ കമ്മീഷൻ അടിസ്ഥാന വിഹിതം 9465337 രൂപയിൽ 6213806 രൂപ (65.64%) ആണ് ചെലവ്. സി.എഫ്.സി ടൈഡ് ഗ്രാൻറിൽ വകയിരുത്തിയ 1,99,21,308 രൂപയിൽ 2228513 രൂപ (11.2%) മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. ശുചിത്വ കുടിവെള്ള മേഖലയിലെ വലിയ പ്രൊജക്ടുകളുടെ നിർവ്വഹണവും പൂർത്തീകരണവും വൈകുന്നതാണ് ഈ മേഖലയിൽ ചെലവ് കുറയാൻ കാരണം . ഡബിൾ ചേമ്പർ ഇൻസിനറേറ്റർ, കാങ്കോൽ ആലപ്പടമ്പ് പഞ്ചായത്തിൽ ടെയ്ക്ക്.എ.ബ്രേക്ക്, എരമം കുറ്റൂർ പഞ്ചായത്തിൽ MCF- Mini MCF നിർമ്മാണം, വിവിധ പഞ്ചായത്തുകളിലെ VCB കളുടെ നിർമ്മാണം, കുളം നിർമ്മാണം എന്നിവയൊക്കെ നിർവ്വഹണത്തിൻറെ വിവിധ ഘട്ടങ്ങളിലാണ്. ഇവ ഉൾപ്പെടെ ഉള്ള സംയുക്ത പദ്ധതികളിൽ ഫണ്ട് ചെലവഴിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകളുടെ പരിപൂർണ്ണമായ സഹകരണംഅനിവാര്യമാണ്..